പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2525 — 19.12.2012 ൽ മറുപടിയ്ക്ക്

## നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഒരേയിനം മരുന്നുകളുടെ വിലയിൽ വൻവ്യത്യാസമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻ.പി.പി.എ വില നിശ്ചയിച്ചിട്ടില്ലാത്ത മരുന്നുകളുടെ വില നിലവിൽ നിശ്ചയിക്കുന്നത് അതാത് നിർമ്മാണ കമ്പനികളാണ്. മരുന്ന് ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തെ നിലവിലുള്ള പണിക്കൂലി, വൈദ്യുതി നിരക്ക്, പ്ലാന്റിൽ ഉപയോഗിക്കുന്ന നിർമ്മാണ ഉപകരണങ്ങളുടെ സ്റ്റാൻഡേർഡ്സ്, അസംസ്കൃത വസ്തുക്കളുടെ സംഭരണവില, ഉത്പാദന പാക്കിംഗ് ചിലവ്, ചരക്ക് ഗതാഗത നിരക്കുകൾ, സംസ്ഥാനങ്ങളിൽ ഈടാക്കുന്ന നികുതി, ഉത്പാദന തീരുവ എന്നിവ കണക്കിലെടുത്താണ് ഒരു മരുന്നിന്റെ വില നിശ്ചയിക്കുന്നത്. ഇപ്രകാരം വില നിശ്ചയിക്കുമ്പോൾ 2 നിർമ്മാതാക്കളുടെ ഒരേ ഉത്പന്നങ്ങൾക്ക് വില വ്യത്യാസം കണ്ടു വരുന്നുണ്ട്. |
| (ബി) പുതിയ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) പുതിയ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസി കേന്ദ്ര സർക്കാർ സുപ്രീം കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ